(iii) കണ്ണൂർ, കാസർകോട് ജില്ലകളിൽ നിലവിലിരിക്കുന്ന വോൾട്ടേജ് ക്ഷാമം

ശ്രീ. കെ. സി. ജോസഫ്: സർ, "'വെളിച്ചവിപ്ലവം' നടപ്പിലാക്കിയശേഷവും കണ്ണൂർ, കാസർകോട് ജില്ലകളിൽ നിലവിലിരിക്കുന്ന ഗുരുതരമായ ഇലക്ട്രിസിറ്റി വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കാര്യമായ നടപടികളും ഉണ്ടാകാത്തതിൽ ഈ സഭ ഉൽകണ്ഠം രേഖപ്പെടുത്തുകയും അവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ബഹുമാന്യനായ കെ.എം. മാണി ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലഘട്ടത്തിൽ വെളിച്ച വിപ്ലവപരിപാടിയിലൂടെ ഒരു തീവ്രയത്ന പരിപാടി സംസ്ഥാനത്ത് ആവിഷ്കരിക്കുകയുണ്ടായി. കേരളത്തിലുടനീളം നിരവധി പ്രദേശങ്ങളിൽ പുതിയ വൈദ്യുതി കണക്ഷൻസ് നൽകാനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചുവെങ്കിലും അവയോട് ബന്ധപ്പെട്ട് വോൾട്ടേജ് ക്ഷാമം മെച്ചപ്പെടുത്താൻ നടപടിയുണ്ടായില്ല. ഇന്ന് പുതിയ കണക്ഷൻസ് കൊടുക്കുന്നുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം വലിയ ഒരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ മൊത്തമുള്ള പ്രതിഭാസമാണിതെങ്കിലും പ്രത്യേകിച്ച് കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് പുതിയ കണക്ഷൻസ് ഉണ്ടായത് ഒരു ശാപമായി മാറിയിരിക്കുകയാണ്. മെഴുകുതിരിപോലെ കത്തുന്ന വിളക്കുകളാണ് മലബാർ പ്രദേശത്തുള്ളത്. പുതിയ കണക്ഷൻ ഉണ്ടാകുന്നത് നല്ല കാര്യമാണ്. പുതിയ കണക്ഷൻ നൽകണം. എങ്കിലും അതോടൊപ്പം തന്നെ വോൾട്ടേജ് ക്ഷാമംകൂടി പരിഹരിക്കുവാനുള്ള നടപടി ഉണ്ടായില്ലെങ്കിൽ ആ നടപടികൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവുകയില്ല. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ കഴിഞ്ഞകാലങ്ങളിലെക്കാൾ മെച്ചപ്പെട്ട പുതിയ കണക്ഷനുകൾ ലഭിച്ചുവെങ്കിലും വോൾട്ടേജ് ക്ഷാമത്തിന്റെ കാര്യത്തിൽ നടപടിയുണ്ടായിട്ടില്ല. എന്റെ മണ്ഡലത്തിൽപ്പെട്ട ശ്രീകണ്ഠപുരം കേന്ദ്രമായി ഒരു സബ്സ്റ്റേഷൻ തറക്കല്ലിട്ടു. എങ്കിലും അതിന്റെ പ്രാരംഭനടപടികളൊന്നുമായില്ല. കഴിഞ്ഞകാലങ്ങളിൽ സ്വീകരിച്ച നടപടിയുടെ തുടർച്ചയായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സജീവമായ നടപടി ഉണ്ടായില്ലെങ്കിൽ തീർച്ചയായും മലബാറിന്റെ പ്രശ്നം പരിഹരിക്കാൻ പോകുന്നില്ല. വ്യവസായ സ്ഥാപനങ്ങളിലാണെങ്കിലും വെള്ളം നൽകാനുള്ള പദ്ധതികളിലാണെങ്കിലും വീടുകളിലെ വെളിച്ചത്തിന്റെ കാര്യത്തിലാണെങ്കിലും വോൾട്ടേജ് ക്ഷാമം ഒരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. നിരവധി പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ സാമ്പത്തികമായ പ്രയാസം തടസ്സമായി പറയാതെ മലബാറിന്റെ പ്രശ്നത്തിന് മുൻഗണന കൊടുക്കാനുള്ള നടപടി തീർച്ചയായും സ്വീകരിക്കണം. ഈ കാര്യത്തിൽ ഗൗരവമായ നടപടിയുണ്ടാകണം. കാരണം വെളിച്ചവിപ്ലവ പരിപാടിയിൽ അങ്ങ് പ്രഖ്യാപിച്ചു പുതിയ കണക്ഷനോടൊപ്പംതന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാമെന്ന്. ആ കാര്യത്തിൽ നടപടിയുണ്ടായതായി കാണുന്നില്ല. തീർച്ചയായും ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിലുണ്ടാകുന്ന ഈ പ്രശ്നം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കുമ്പോൾ തീർച്ചയായും മലബാർ മേഖലയ്ക്ക് മുൻഗണന

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം. ഈ സബ്സ്റ്റേഷനുകൾ കടലാസിൽ മാത്രമുണ്ടായാൽ പോരാ. ഈ തീവ്രയത്നപരിപാടിയുടെ ഭാഗമായി പുതിയ കണക്ഷനോടൊപ്പംതന്നെ ഇത്തരത്തിലുള്ള പരിപാടിയിലൂടെ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കുവാനും കോഴിക്കോട്ട് നിന്ന് വൈദ്യുതി എത്തിക്കാനുള്ള തടസം നീക്കി അവിടത്തെ വോൾട്ടേജ് മെച്ചപ്പെടുത്തുവാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് ഞങ്ങളീടെ മേഖലയിലെ ജനങ്ങൾ ബഹുമാനപ്പെട്ട വിദ്യുച്ഛക്തിവകുപ്പുമന്ത്രി കൊണ്ടുവന്ന വെളിച്ചവിപ്ലവത്തെ കണ്ടത്. അതുകൊണ്ട് വളരെയേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. അത് കൂടുതൽ ശക്തിയോടുകൂടി പ്രവർത്തികമാക്കാൻ വീണ്ടും ആ വകുപ്പിന്റെ ചുമതല ഏറ്റെടുത്ത നമ്മുടെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ആർ. ബാലകൃഷ്ണപിള്ള കർശനമായ നിർദ്ദേശങ്ങൾ നൽകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഞങ്ങളുടെ ഭാഗത്ത് വിദ്യാർത്ഥികൾക്ക് രാത്രികാലങ്ങളിൽ പഠിക്കാൻപോലും കഴിയുന്നില്ല. വോൾട്ടേജ് കമ്മികാരണം മെഴുകുതിരിയുടെ വെളിച്ചം പോലും ആ മേഖലയിലില്ല. വെളിച്ചകാര്യത്തിൽ പരാജയപ്പെടാൻ കാരണം ആ മേഖലയിൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ ഒരു പാട് ഒഴിവുകൾ ഇന്ന് കിടക്കുകയാണ്. എക്സിക്യൂട്ടീവ് എൻജിനീയറുടെ ഒഴിവ് വന്നിട്ട് ഏകദേശം അഞ്ചാറു മാസത്തോളമായി. അവിടെ ചാർജിലുണ്ടായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും ട്രാൻസ്ഫറായിപ്പോയി. ഇപ്പോൾ ആ ഡിവിഷണൽ ഓഫീസ് ആകെ ശൂന്യമായികിടക്കുകയാണ്. അവിടെ ഒരു ജോലിയും നടക്കുന്നില്ല. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടിക്കൊണ്ട് സത്വരമായ നടപടികളെടുക്കണം. ആ മേഖലയിൽ ട്രാൻസ്ഫോർമറുകൾ പലപ്പോഴും കത്തിപ്പോയാൽ അത് ഇൻസ്റ്റാൾ ചെയ്യണമെങ്കിൽ മൂന്നും നാലും മാസം പിടിക്കുന്നുണ്ട്. അവിടെ ഒരു സ്റ്റോർ ഇല്ലാത്തതുകാരണം ഞങ്ങൾ വളരെയേറെ കഷ്ടപ്പെടുകയാണ്. അതുകൊണ്ട് ഒരു ഇലക്ട്രിസിറ്റിസ്റ്റോർ കൂടി അവിടെ ആരംഭിക്കണം. ആ മേഖലയിൽ ആവശ്യമായ സ്റ്റാഫിനെ അടിയന്തിരമായും പോസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒന്നുകൂടി പിന്താങ്ങുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.)

(1986 ജൂൺ 30-ാം തീയതി രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ 12.30.ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly